പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ 3853

21/06/2019 ൽ

മറുപടിക്ക്

**പുതിയ പൊതുമേഖലാ സ്ഥാപനങ്ങൾ**

ചോദ്യം

ശ്രീ.പി.കെ. ശശി

മറുപടി

ശ്രീ.ഇ.പി.ജയരാജൻ

(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
| --- | --- |
| എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് പുതിയ പൊതുമേഖലാ സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ; | എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിന്റെ കീഴിൽ പുതിയ പൊതുമേഖലാസ്ഥാപനങ്ങൾ ആരംഭിച്ചിട്ടില്ല. |
| ബി) പുതിയ പൊതുമേഖലാ സ്ഥാപനങ്ങൾ ആരംഭിക്കുന്നത് പരിഗണനയിലുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ? | ബി) നിലവിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ നവീകരണ വിപുലീകരണ പദ്ധതികൾക്കാണ് ഇപ്പോൾ മുൻഗണന നൽകിവരുന്നത്.<br>എങ്കിലും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരളാ ഹാർഡ് വെയർ മിഷന്റെ ഭാഗമായി ലാപ്ടോപ്പുകളും സെർവറുകളും ഉല്പാദിപ്പിക്കുന്ന ഇലക്ട്രോണിക് വ്യവസായ ആവാസ വ്യവസ്ഥ സൃഷ്ടിക്കുന്നതിനുള്ള കമ്പനി കെൽട്രോണിന്റെയും കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെയും പങ്കാളിത്തത്തോടെ ആരംഭിച്ചിട്ടുണ്ട്.<br>ഇത് കൂടാതെ സംസ്ഥാനത്ത് പ്രധാന ഭക്ഷ്യോല്പന്നമായ അരിയുടെ ഉപയോഗം കണക്കിലെടുത്തുകൊണ്ട് വ്യവസായ വകുപ്പിന്റെയും കൃഷിവകുപ്പിന്റെയും സിവിൽ സപ്ലൈസ് വകുപ്പിന്റെയും സഹകരണത്തോടെ കേരളത്തിലെ പ്രധാന നെല്ലുല്പാദന കേന്ദ്രങ്ങളിൽ പൊതു സ്വകാര്യ പങ്കാളിത്തത്തോടെ റൈസ് മില്ലുകൾ ആരംഭിക്കാനുള്ള പദ്ധതി ആവിഷ്കരിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു |

സെക്ഷൻ ഓഫീസർ